(സി) ഇപ്പോൾ ഈ തസ്തികയിൽ എത്ര ഒഴിവുകളാണുള്ളത് ; ഒഴിവുള്ള മുഴുവൻ തസ്തികകളും പി.എസ്.സി.ക്ക് വിടാൻ നടപടി സ്വീകരിക്കുമോ ;

(ഡി) കണ്ണൂർ ജില്ലാ സഹകരണ ബാങ്കിൽ നിലവിലുള്ള അക്കൗണ്ടന്റ് തസ്തികയിലേക്ക് ക്ളാർക്ക്/ക്യാഷ്യർ തസ്തികയിൽ നിന്നും പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ വൈകിക്കുന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) അക്കൗണ്ടന്റ് തസ്തികയിലേക്കുള്ള പ്രൊമോഷനുകൾ സമയ ബന്ധിതമായി നടപ്പാക്കി ഒഴിവു വരുന്ന ക്ളാർക്ക്/ക്യാഷ്യർ തസ്തികകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ണൂർ ജില്ലാ സഹകരണ ബാങ്കിലെ ക്ലാർക്ക്/ക്യാഷ്യർ തസ്തികയിലേക്കുള്ള പി.എസ്.സി. ലിസ്റ്റ് 12-1-2010 ലാണ് നിലവിൽ വന്നത്.

(ബി) ഈ ലിസ്റ്റിൽ നിന്നും ഇതുവരെ 68 പേർക്ക് നിയമന ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) നിലവിൽ ഈ തസ്തികയിൽ 3 ഒഴിവുകളുണ്ട്. ഇതിൽ രണ്ട് ഒഴിവുകൾ പി.എസ്.സി-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ഇക്കാര്യത്തിൽ കണ്ണൂർ ജില്ലാ സഹകരണബാങ്കാണ് നടപടി സ്വീകരിക്കേണ്ടത്. കൂടാതെ പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്യാനുള്ള ഒഴിവുകൾ അടിയന്തരമായി റിപ്പോർട്ട് ചെയ്യാൻ എല്ലാ ജില്ലാ സംസ്ഥാന സഹകരണ ബാങ്കുകൾക്കും നേരിൽ നിർദ്ദേശം നൽകിയിട്ടുമുണ്ട്.

അർബൻ ബാങ്കുകളുടെ പ്രവർത്തനം

27 (5432) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അർബൻ ബാങ്കുകളുടെ പ്രവർത്തനത്തിന് എന്തെല്ലാം നിയന്ത്രണങ്ങളാണ് നിലവിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ ; ആർ. ബി. ഐ. ആക്ട് പ്രകാരം പ്രവർത്തിക്കുമ്പോൾ മറ്റ് സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എന്തെങ്കിലും പ്രയാസങ്ങൽ നേരിടുന്നുണ്ടോ എന്ന് അന്വേഷിച്ചിട്ടുണ്ടോ ;

(ബി) മറ്റ് സഹകരണ സ്ഥാപനങ്ങളുടെ വളർച്ചപോലെ അർബൻ ബാങ്കുകൾ വളർച്ച നേടുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ അത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സംസ്ഥാനത്തെ അർബൻ ബാങ്കുകളുടെ പ്രവർത്തനങ്ങൾക്ക് ദ്വിതല നിയന്ത്രണമാണുള്ളത്. ഭരണപരമായ പ്രവർത്തനങ്ങൾ, കേരള സഹകരണ നിയമത്തിൻകീഴിൽ സഹകരണ സംഘം രജിസ്ട്രാറുടേയും ബാങ്കിംഗ് ഇടപാടുകൾ 1949-ലെ ബാങ്കിംഗ് റഗുലേഷൻ നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള നിയന്ത്രണങ്ങൾക്കും വിധേയമാണ്. റിസർവ്വ് ബാങ്ക് ആക്ട് അർബൻ ബാങ്കുകൾക്ക് ബാധകമല്ല. ബാങ്കിംഗ് റഗുലേഷൻ നിയമപ്രകാരം പ്രവർത്തിക്കുമ്പോൾ മറ്റ് സഹകരണ സ്ഥാപനങ്ങളിൽ നിന്ന് എന്തെങ്കിലും പ്രയാസങ്ങൾ നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) മറ്റ് സഹകരണ സ്ഥാപനങ്ങളുടേയും ബാങ്കിംഗ് ബിസിനസ്സ് മാത്രം ചെയ്യുന്ന അർബൻ ബാങ്കുകളുടേയും പ്രവർത്തനം താരതമ്യം ചെയ്യാൻ കഴിയുകയില്ല. കേരള സഹകരണ നിയമത്തിൻകീഴിൽ മാത്രം പ്രവർത്തിക്കുന്ന മറ്റ് സഹകരണ സംഘങ്ങൾ എല്ലാ പ്രവർത്തനവും ഏറ്റെടുക്കുന്നതിലൂടെ വളർച്ച കൈവരിക്കുമ്പോൾ ബാങ്കിംഗ് രംഗത്ത് മാത്രം പ്രവർത്തിക്കുന്ന അർബൻ ബാങ്കുകൾക്ക് മറ്റ് ബാങ്കിംഗ് ഇതര പ്രവർത്തനങ്ങൾ ഏറ്റെടുക്കാൻ കഴിയാത്തതിനാൽ ടി മേഖലകളിൽ വളർച്ച നേടാൻ കഴിയുന്നില്ലെങ്കിലും ഭൂരിഭാഗം അർബൻ ബാങ്കുകളും ബാങ്കിംഗ് മേഖലയിൽ നന്നായി പ്രവർത്തിച്ചു വരുന്നുണ്ട്. സംസ്ഥാന സർക്കാരും റിസർവ്വ് ബാങ്കും തമ്മിൽ ഒപ്പിട്ട ധാരണാപത്രത്തിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ടാസ്ക്ഫോഴ്സ് (TAFCUB)-ന്റെ പ്രവർത്തനഫലമായി അർബൻ ബാങ്കുകളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

റബ്കോയ്ക്ക് നൽകിയ സാമ്പത്തിക സഹായം

28 (5433) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്കോയ്ക്ക് ഇതുവരെ എത്ര രൂപയുടെ സാമ്പത്തിക സഹായമാണ് സംസ്ഥാന സർക്കാർ നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) റബ്കോയ്ക്ക് സർക്കാരിന്റെ ഓഹരിയായി എത്ര സംഖ്യ ലഭിക്കാനാണ് അർഹതയുള്ളത് ;

(സി) ഷെയർ പാർട്ടിസിപ്പേഷനായി ഇതുവരെ എത്ര തുകയാണ് ഗവൺമെന്റ് നൽകിയിട്ടുള്ളത് ;

(ഡി) ഗവൺമെന്റിന്റെ ഓഹരി പങ്കാളിത്തം പൂർത്തിയാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സംസ്ഥാന പദ്ധതിയിലും NCDC പദ്ധതിയിലുമായി ഓഹരി ഇനത്തിൽ 59,70,10,000 രൂപയും വായ്പയിനത്തിൽ 47,18,00,000 രൂപയും സബ്സിഡിയിനത്തിൽ 2,03,43,817 രൂപയും ഉൾപ്പെടെ ആകെ 108,91,53,817 രൂപ നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly